SUKUMARAN

യുണൈറ്റഡ് മൂവീസ് അവതരിപ്പിക്കുന്ന

എൻ.എൻ.പിള്ളയുടെ

# കാപാലിക

സംവിധാനം

മണി




IMPRESS

CENTRAL PICTURES RELEASE

158

# അഭിനേതാക്കൾ

| | |
|---|---|
| ഷീല | ഭരതൻ |
| ഉമ്മർ | കുതിരവട്ടം പപ്പു |
| ഭാസി | വിജയരാഘവൻ |
| ബഹദൂർ | റാണിചന്ദ്രാ |
| ഗോവിന്ദൻകുട്ടി | ഫിലോമിനാ |
| എൻ. എൻ. പിള്ള | ഓമന |
| ജോസ് പ്രകാശ് | കദീജ |
| വീരൻ | ദേവകി |
| etc | etc |

കഥ, തിരക്കഥ, സംഭാഷണം

**എൻ. എൻ. പിള്ള**

ഗാനങ്ങൾ **വയലാർ, എൻ. എൻ. പിള്ള**

സംഗീതം **ശേഖർ**

നിർമ്മാണം **C. P. ശ്രീധരൻ, അപ്പുനായർ, K. V. നായർ**

സംവിധാനം **മണി**

വിതരണം

**സെൻട്രൽ പിക്ചേഴ്സ്**

# കാപാലിക

## — കഥാസൂചന —

ആഷ്സംസ്കാരം അന്തസ്സുള്ള വാക്കാണ്. അതു പോലെതന്നെ അർത്ഥശൂന്യവുമാണ്. ഈ അന്തസ്സുററ അർത്ഥശൂന്യതയുടെ മുഖത്തുനോക്കിയുള്ള ഒരു പൊട്ടിച്ചിരിയാണ് 'കാപാലിക'. ആ ചിരിയിൽ പരിഹാസവും പ്രാണവേദനയും ഒരുമിച്ചടങ്ങിട്ടുണ്ട്.

ബഹുഭൂരിപക്ഷത്തിനെ കെട്ടാൻ ഒരു ചെറുന്യൂനപക്ഷം പിരിച്ച വടമാണ് ഇന്നത്തെ നിയമം. അതിന്റെ ഒരിഴയിൽ കുരുങ്ങി ഞെരുങ്ങുന്ന ഒരു ജീവിതത്തിന്റെ പൊട്ടിത്തെറിക്കലാണ് 'കാപാലിക'. ആ പൊട്ടിത്തെറിക്കലിന്റെ പ്രതിദ്ധ്വനിയാണ് അവളുടെ അട്ടഹാസം.

കേരളത്തിലെ നാട്ടുമ്പുറത്തു ജനിച്ച നിഷ്ക്കളങ്കയായ ഒരു പെൺകുട്ടി മനുഷ്യന്റെ കാട്ടാളത്വത്തിനിരയായി ഒരു നഗരവേശ്യയായിതീർന്നു. മനസ്സമ്മതവും, വിളിച്ചുചൊല്ലലും കഴിഞ്ഞ അവളുടെ ആദ്യത്തെ മണവാളൻ അവളെ ബലാൽസംഗം ചെയ്തിട്ടു കടന്നുകളയുകയായിരുന്നു ചെയ്തതു്. ജോലി വാങ്ങിത്തരാമെന്നു പറഞ്ഞു് അവളെക്കൂട്ടിക്കൊണ്ടുപോയ മറെറാരു മാന്യൻ

മദ്രാസിൽ അവളെ ഒരു ചെട്ടിയാർക്കു വിൽക്കുകയായിരുന്നു.

വ്യഭിചാരം! ജന്തുസഹജമായിരിക്കാം. പക്ഷേ കൂട്ടിക്കൊടുക്കലോ . . . ! മനുഷ്യൻ എന്ന മൃഗമൊഴിച്ച് മററുള്ള ജന്തുക്കളൊന്നും അതോർത്തിട്ടുപോലുമില്ല. പക്ഷേ ''റോസമ്മ'' എന്ന പെൺകുട്ടിയെ 'കാപാലിക' യാക്കിയതു് ആ പൈശാചികതയാണു്.

വർഷങ്ങൾക്കുശേഷം കാപാലിക ബോംബെനഗരത്തിലെ ശ്രദ്ധേയയായ ഒരു തരുണീമണിയായിത്തീർന്നു. കേരളത്തിനകത്തും പുറത്തും അവൾ ശ്രദ്ധേയയാണു്. അവളുടെ ഔദാര്യംകൊണ്ടു മാത്രം പല സ്ഥാപനങ്ങളും ഉയർന്നു. വരാപ്പുഴപ്പള്ളിയിലും വടക്കുനാഥക്ഷേത്രത്തിലും അടിക്കുന്ന മണികളിൽ അവളുടെ പേരു കൊത്തി. ഗാന്ധിമണ്ഡപത്തിലും വിവേകാനന്ദപ്പാറയിലും ആ പേരു തെളിഞ്ഞു. അതിന്റെ എല്ലാം പ്രതിരൂപമെന്നോണം അവളുടെ അടിവയററിൽ അർബുദം എന്ന മഹാവ്യാധി വളർന്നു.

അവസാനം എല്ലാം തകർന്നു. ആ തകർച്ചയുടെ ഇടിയും മിന്നലും കൊടുങ്കാററും പേമാരിയുമാണു് വെള്ളിത്തിരയിൽ ചുരുള വിരിക്കുന്ന 'കാപാലിക'യുടെ ഇതിഹാസം........!

## ഗാനം 1

ഗാനങ്ങൾ—വയലാർ
പാടിയതു്—യേശുദാസ്

ശരപഞ്ജരം പുഷ്പശരപഞ്ജരം
ശരീരം മനസ്സിൽ സുഖവാസമന്ദിരം
മന്മഥൻ സ്ത്രീയിലതു പണിയുന്നകാലം
മദിച്ചു തുള്ളും യൗവനം.

വികാരം മുമ്പേ കുതിക്കും—അന്നു്
വിചാരം പിമ്പേ നടക്കും
വിരിയുന്ന വിരിയുന്ന മോഹപുഷ്പങ്ങളിൽ
വിരൽ നഖമുദ്രകൾ പതിക്കും—കാമം
വിരൽ നഖമുദ്രകൾ പതിക്കും.

ഓരോ സ്വപ്നവും കൊഴിയും
ഓർമ്മകൾ കിളിവാതിൽ തുറക്കും—ദൂരെ
കാമുകശലഭങ്ങൾ ചിരിക്കും—പ്പൊട്ടിച്ചിരിക്കും.

ശരപഞ്ജരം പുഷ്പശരപഞ്ജരം
ശരീരം മനസ്സിൽ സുഖവാസമന്ദിരം
മന്മഥൻ വീടുവിട്ടു പിരിയുന്നകാലം
മുഖം തിരിക്കും യൗവനം!

വിഷാദം മൂടന്തിനടക്കും—അന്നു്
വിചാരം കാതോർത്തു നില്ക്കും
കൊഴിയുന്ന കൊഴിയുന്ന ദുഃഖബാഷ്പങ്ങളിൽ
കരൾ കിടന്നേങ്ങലടിക്കും—താനേ
കരൾ കിടന്നേങ്ങലടിക്കും.

'ഓരോ സ്വപ്നവും മരിക്കും
ഓർമ്മകൾ ചുമർചാരിയിരിക്കും—ദൂരെ
കാമുകശലഭങ്ങൾ ചിരിക്കും—
പ്പൊട്ടിച്ചിരിക്കും (ശരപഞ്ജരം)

## ഗാനം 2

ഗാനങ്ങൾ—എൻ. എൻ. പിള്ള

പാടിയതു്—ഗോപാലകൃഷ്ണൻ

കപിലവസ്തുവിലെ കർമ്മയോഗിയിൽപോലും
കാമദേവനെ കാണും
കാമിനി—'കാപാലികേ'
ഇടിമിന്നലിൽ
ഇന്ദ്രകാർമുകമാല്യം ചാർത്താൻ
പഴതേമോഹിക്കും—നിൻ—

മുഗ്ദ്ധഭാവനകളിൽ.
അമൃതപയോധിയും
ആകാശതടിനിയും
പ്രമദവനികയും
പൊള്ളുന്ന മരുഭൂവും
കുളിർതെന്നലും കൊടുങ്കാറ്റും
ഒന്നായിക്കൂടിക്കുഴയും
സത്യത്തിന്റെ വിശ്വരൂപം ഞാൻ കാണ്മൂ.

## ഗാനം 3

ഗാനങ്ങൾ — എൻ. എൻ. പിള്ള
പാടിയതു് — യേശുദാസ് - സുശീല

A smash and a crash
we call it a thunder
A clash and a smash
we call it a blunder

(A smash......)

Life is a thunder
Ending in a blunder

Starting in a roar
Ending in a snowns
(Ending......)

You and I
walking through the rye
Harking through the dark
And kissing in the Sky
(You and I......)

Life is a lie
The rang dream Sie
You and I
Roll in to a Spy

മാർച്ചിൽ പ്രതീക്ഷിപ്പിൻ!

യുണൈറ്റഡ് മൂവീസിന്റെ

2-ാമത്തെ കലാശില്പം!

എൻ. എൻ. പിള്ളയുടെ

# "ക്രിമിനൽ"

ഷീല

ഉമ്മർ

ഭാസി

ബഹദൂർ

etc.

സംവിധാനം: മണി

നിർമ്മാണം: C. P. ശ്രീധരൻ

P. അപ്പനായർ

K. V. നായർ

National City Press, Kottayam.